**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4751** **26.06.2019-ലെ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒരു വകുപ്പിന് കീഴിലേക്ക് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഒരു വകുപ്പിന് കീഴിലേക്ക് മാറ്റാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് നടപടികൾ പൂർത്തീകരിക്കാനാകുമെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സ.ഉ.(കൈ) നം.198/2016/തസ്വഭവ തീയതി, 27.12.2016 പ്രകാരം ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു.<br>ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും, കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ |

സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും മേൽപറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും സ.ഉ.(കൈ) നം.10/2018/ത.സ്വ.ഭ.വ തീയതി 27.01.2018 പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രിൻസിപ്പൽ ഡയറക്ടറെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും, സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങൾ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ വിശദമായ പരിശോധന നടത്തിയ ശേഷം സർക്കാരിനു സമർപ്പിക്കുകയും ടി സ്പെഷ്യൽ റൂൾസ് സർക്കാർ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി 2018 നവംബർ 8, 9 തീയതികളിൽ ചർച്ച നടത്തുക യുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും, നിർദ്ദേശങ്ങളുടെയും, അഭിപ്രായ ങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് പുതുക്കിയ സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരുന്നു. അതിനു പുറമെ നഗരകാര്യ വകുപ്പും മുൻസിപ്പൽ കോമൺ സർവീസും ഏകോപിപ്പിക്കുന്നതിനു മുന്നോടിയായി മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാരെ സർക്കാർ

ജീവനക്കാരാക്കി മാറ്റുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി പ്രഖ്യാപിക്കുകയും ആയത് തുടർന്ന് 2019 മാർച്ച് 6-ന് 4904/ലെഗ്.സി1/2019/നിയമം നമ്പരായി ഒരു അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാരെ കൂടി കരട് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംയോജനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**